(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2010 സെപ്തംബർ മാസം വരെയുള്ള കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗം വിവിധ വകുപ്പുകളിലെ അധീനതയിലുള്ള ആഫീസുകളിൽ 1256 പരിശോധനകൾ നടത്തുകയും അവയിൽ 1160 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ഇതു സംബന്ധിച്ച് തുടർ നടപടി നിർദ്ദേശങ്ങൾ സഹിതം അതാത് ഭരണവകുപ്പുകൾക്ക് റിപ്പോർട്ട് കൈമാറിയിട്ടുമുണ്ട്. ഇതിൽ 306 കേസുകളിൽ ഇതിനകം തന്നെ നടപടി പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയിൽ അതത് ഭരണ വകുപ്പുകളുടെ നടപടികൾ പുരോഗമിച്ചുവരുന്നു. 1160-ഓളം വരുന്ന റിപ്പോർട്ടുകൾ ഏകദേശം 12000 ത്തിൽപ്പരം പേജുകൾ ഉൾക്കൊള്ളുന്ന വയായതിനാൽ അവയുടെ പകർപ്പുകൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കുക തികച്ചും അപ്രായോഗികമാണ്.

(സി) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ധനകാര്യ പരിശോധനാ (ബി) വിഭാഗം 2006 ഒക്ടോബർ മാസത്തിൽ പരിശോധന നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി 10-10-2007-ന് സാമൂഹ്യ ക്ഷേമ വകുപ്പിന് കൈമാറിയിരുന്നു. നിരവധി ഓർമ്മക്കുറിപ്പുകൾക്ക് ശേഷവും നടപടിക്കുറിപ്പ് സാമൂഹ്യക്ഷേമ വകുപ്പ് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

ഇ-സ്റ്റാമ്പിംഗ് സംവിധാനം

136 (1727) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടർവഴി മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്ന ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ മെച്ചങ്ങൾ എന്തെല്ലാമാണ് ;

(സി) ഇ-സ്റ്റാമ്പിംഗ് ഫ്രാഞ്ചൈസികളാകാൻ ആവശ്യമായ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ ശമ്പളം എ.ടി.എം. വഴി

137 (1729) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ജീവനക്കാരുടെ ശമ്പളം എ.ടി.എം. വഴി വിതരണം ചെയ്യുന്നതിനായി ഏതെല്ലാം ബാങ്കുകളുമായി ധാരണയിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. വഴി വിതരണം ചെയ്യുന്നതിനുള്ള സാധ്യത വിവിധ ബാങ്കുകളുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനത്തിലെത്തിയിട്ടില്ല.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ

138 (1730) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനും പെൻഷൻ പരിഷ്ക്കരണത്തിനുമായി ഈ സർക്കാർ നിയോഗിച്ച ശമ്പള പരിഷ്ക്കരണ കമ്മീഷൻ സർക്കാരുമായി എന്തെങ്കിലും ആശയ വിനിമയം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണ് ആശയ വിനിമയം നടത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ജീവനക്കാരുടെ ശമ്പളത്തിൽ എത്ര ശതമാനം ഡി. എ. ലയിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കമ്മീഷൻ നൽകിയിട്ടുണ്ടോ ;

(ഇ) ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?.

ഉത്തരം

(എ&ബി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങളെ (ടേംസ് ഓഫ് റഫറൻസ്) കുറിച്ച് ഗവൺമെന്റ് സെക്രട്ടറിമാരുമായും വകുപ്പുതലവൻമാരുമായും കമ്മീഷൻ ആശയവിനിമയം നടത്തിയിട്ടുണ്ട്.

(സി&ഡി) ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ.

(ഇ&എഫ്) ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly